ശ്രീ നാരായണ ധർമ്മ സമന്വയ സമിതി	1	--
വ്യാപാരി-വ്യവസായി ഏകോപന സമിതി	5	--
കോൺഗ്രസ്സ് (ഐ)	--	3
സി.പി.എം	--	1
ബി.ജെ.വൈ.എം	--	1
എസ്.എൻ.ഡി.പി	--	1

(ബി)-(സി) 27,07,533/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

64 (720)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ മാസം മുതൽ ഇതുവരെ കാസർഗോഡ് ജില്ലയിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ സംഭവങ്ങളിൽ വധിക്കപ്പെട്ടവർ ആരെല്ലാമായിരുന്നു;

(സി) വധിക്കപ്പെട്ടവർ ഏത് രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരോ രാഷ്ട്രീയ കക്ഷികളുടെ അനുഭാവികളോ ആണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് കേസ്സ് എടുത്തിട്ടുണ്ടോ;

(ഇ) ഈ കേസ്സുകളിലെ പ്രതികൾ ആരെല്ലാമാണ്;

(എഫ്) അവർ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെടുന്നവരാണ്;

(ജി) ഈ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്ന് കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി)-(സി) സി.പി.ഐ (എം) പ്രവർത്തകരായ വിജയൻ, ബാലകൃഷ്ണ നായിക്, ബി.ജെ.പി. പ്രവർത്തകനായ വിജയൻ എന്നിവരാണ് കൊല്ലപ്പെട്ടത്.

(ഡി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് മൂന്നു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ)-(എഫ്)

1) വിജയൻ (സി.പി.എം) കൊല്ലപ്പെട്ടതിന് ബേഡകം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 33/2000-പ്രതികൾ സുരേഷ്കുമാർ, എം. അശോകൻ, ദാസൻ എന്ന ശിവദാസൻ, പി.കെ. അനിൽകുമാർ എല്ലാവരും ബി.ജെ.പി.ക്കാർ

2. ബാലകൃഷ്ണനായിക്കിനെ (സി.പി.എം) കൊലപ്പെടുത്തിയതിന് ബേഡകം പോലീസ് ക്രൈം നം.36/2000 പ്രതികൾ - പാലാർ ഗോപാലൻ, കോൺഗ്രസ്സ്(ഐ)), ഹരീഷ് (ബി.ജെ.പി)

LIBRARY ARCHIVES Kerala Legislative Assembly

3. വിജയൻ (ബി.ജെ.പി) കൊലചെയ്യപ്പെട്ടതിന് കുമ്പള പോലീസ് ക്രൈം നം.71/2000 ലെ പ്രതികൾ കെ. രാജൻ, ഇക്കു എന്ന മുഹമ്മദ് ഇക്ബാൽ, എസ്. കൊഗു, വി. ബാലകൃഷ്ണൻ എല്ലാവരും സി.പി.ഐ(എം) പ്രവർത്തകർ.

(ജി) എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

ചേരിഗിരി കള്ളുഷാപ്പ് പിക്കറ്റുചെയ്തവരെ അറസ്റ്റ് ചെയ്തത്

65 (721)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ജനകീയ പ്രക്ഷോഭണത്തിന്റെ ഭാഗമായി മുൻവർഷം പൂട്ടിയ ചേരിഗിരി കള്ളുഷാപ്പ് പിക്കറ്റു ചെയ്തവരെ അറസ്റ്റുചെയ്ത വിവരം അന്വേഷിക്കുവാൻ വന്ന തവളപ്പാറ പള്ളിവികാരി റവ.ഫാദർ പോൾചുള്ളിയെ അറസ്റ്റുചെയ്തുവോ;

(ബി) പിക്കറ്റിംഗിൽ പങ്കെടുക്കാത്ത ഇദ്ദേഹത്തെ അറസ്റ്റു ചെയ്യുവാൻ കാരണമെന്താണ്;

(സി) ഇദ്ദേഹത്തെ ഈ കേസ്സിൽ ഒന്നാം പ്രതിയാക്കിയിട്ടുണ്ടോ?

ഉത്തരം

(എ)-(സി) പോലീസ് സംരക്ഷണം നൽകാൻ കോടതി ഉത്തരവുള്ള ചേരിഗിരിയിലുള്ള ടി.എസ്.41-ാം നമ്പർ കള്ള്ഷോപ്പിനകത്ത് ഫാ.പോൾ ചുള്ളിയുടെ നേതൃത്വത്തിൽ സ്ത്രീകൾ ഉൾപ്പെടെ 50 പേർ അക്രമാസക്തരായി വരികയും, കോടതി ഉത്തരവ് ലംഘിച്ച് ഷാപ്പിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് ഇവരെ സംഭവ സ്ഥലത്തുനിന്ന് അറസ്റ്റുചെയ്തു സ്റ്റേഷനിൽ കൊണ്ടുവന്ന് ജാമ്യത്തിൽ വിടുകയുണ്ടായി. സംഭവസ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് കോൺസ്റ്റബിളിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫാ. പോൾചുള്ളി ഒന്നാം പ്രതിയായും, മറ്റ് 49 പേർ രണ്ടു മുതൽ 50 വരെ പ്രതികളായും കാലടി പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഹുസൈനെ മർദ്ദിച്ചുകൊന്ന കേസ്സ്

66 (722)ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഫെബ്രുവരി 19-ാം തീയതി മേപ്പാടി പോലീസ് സ്റ്റേഷനിൽവച്ച് പോലീസിന്റെ മർദ്ദനമേൽക്കുകയും ചികിത്സയിൽ ഇരിക്കേ മരണമടയുകയും ചെയ്ത എടരിക്കോട് എരുമക്കൊല്ലി ഹുസൈനെ മർദ്ദിച്ചതിനുത്തരവാദികൾ ആരെല്ലാമാണ്;

(ബി) അവരുടെമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഹുസൈനെ മർദ്ദിച്ചവരുടെമേൽ ക്രിമിനൽ കേസ്സെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly